ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ തീയേറ്ററുടമകൾ പ്രവേശന ടിക്കറ്റുകളിൽ കൂടി ഈടാക്കുന്ന സർവ്വീസ് ചാർജ്ജിൽ നിന്ന് ഒരു നിശ്ചിത തുക (65 ലക്ഷം രൂപ) ചലച്ചിത്ര അക്കാദമിയ്ക്ക് നൽകി വരുന്നു. ഈ തുക അവശസിനിമാ കലാകാരന്മാർക്ക് പെൻഷൻ നൽകാൻ ഉപയോഗിക്കുന്നു.

(സി) സിനിമാ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തി ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിന്മേൽ ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തു വരുന്നു.

ഔദ്യോഗികഭാഷ സംബന്ധിച്ച പ്രവർത്തന പുരോഗതി

164 [1574] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔദ്യോഗിക ഭാഷ സംബന്ധിച്ച പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മലയാളം ഭരണഭാഷയായി നിശ്ചയിച്ചിട്ടുള്ള പല വകുപ്പുകളും ഇപ്പോഴും എഴുത്തുകുത്തുകൾ നടത്തുന്നത് ഇംഗ്ലീഷ് ഭാഷയിലാണ് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഹൈക്കോടതിയുടേയും മറ്റു കോടതികളുടേയും ഭരണ ഭാഷ മലയാളമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭരണഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിന് നാലു തലങ്ങളിലായി ഔദ്യോഗികഭാഷാ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്. താലൂക്കു തലത്തിൽ തഹസിൽദാർ അദ്ധ്യക്ഷനും കൺവീനറും ആയിട്ടുള്ള സമിതി മണ്ടു മാസത്തിലൊരിക്കലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറുമായിട്ടുള്ള ജില്ലാതല സമിതി മൂന്നു മാസത്തിലൊരിക്കലും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വകുപ്പുതലവൻമാരും ഭരണ വകുപ്പു സെക്രട്ടറിമാരും അംഗങ്ങളായുള്ള സംസ്ഥാനതല സമിതി നാലു മാസത്തിലൊരിക്കലും മുഖ്യമന്ത്രി അദ്ധ്യക്ഷനും ഔദ്യോഗികഭാഷാ വകുപ്പുമന്ത്രി വർക്കിംഗ് ചെയർമാനുമായ ഉന്നതതലസമിതി ആറു മാസത്തിലൊരിക്കലും യോഗം ചേരുന്നുണ്ട്. ഔദ്യോഗിക ഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ബന്ധപ്പെട്ടവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷനായി ഒമ്പത് അംഗ നിയമസഭാ സമിതിയും പ്രവർത്തിച്ചു വരുന്നു.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരിനും അന്യസംസ്ഥാനങ്ങൾക്കും സംസ്ഥാനത്തിനകത്തുള്ള കേന്ദ്രസർക്കാർ ഓഫീസുകൾക്കും കോടതികൾക്കുമുള്ള എഴുത്തുകുത്തുകൾക്ക് ഇംഗ്ലീഷ് തുടർന്നും ഉപയോഗിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. മലയാളം ഭരണ ഭാഷയാക്കിയിട്ടുള്ള 68 വകുപ്പുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ അഞ്ച് സ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സംഗതികളും തമിഴ്, കന്നട എന്നീ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ കാര്യങ്ങളും ഒഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതു നിർബന്ധം ആക്കിയിട്ടുണ്ട്. മലയാളത്തിലെഴുതിപ്പോകുന്ന ഒരു ഫയലും ഒരു ഘട്ടത്തിലും ഇംഗ്ലീഷിലേയ്ക്കു മാറ്റരുതെന്നും ഇംഗ്ലീഷിൽ മറുപടി കൊടുക്കേണ്ട കാര്യങ്ങളുടേയും കുറിപ്പു ഫയലുകൾ മലയാളത്തിലെഴുതണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഔദ്യോഗിക ഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മറ്റും സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സിവിലും ക്രിമിനലും ആയ എല്ലാ കീഴ്ക്കോടതികളിലും കേസ്വിസ്താരവും വിധിപ്രസ്താവവും മറ്റും മലയാളത്തിൽ നടത്തുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട് [സ.ഉ. (കൈയെഴുത്ത്) നം. 77/1973/ആഭ്യന്തരം 11-5-1973]. ഹൈക്കോടതിയിലെ ഭാഷ മലയാളമാക്കുന്നതിന് ബഹു. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly